ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 30.07.2026** **TIME : 06.30 PM**

## പ്രധാന വാർത്തകൾ

1. പൊതു പരീക്ഷ ഭേദഗതി ബില്ലിന്മേൽ രാജ്യസഭയിൽ ചർച്ച പുരോഗമിക്കുന്നു. ദേശീയ ബഹുമതികളോടുള്ള അനാദരം തടയൽ (ഭേദഗതി) ബിൽ പാർലമെന്റ് പാസാക്കി.
2. ഡൽഹിയിൽ വിദ്യാർത്ഥി പ്രതിഷേധത്തിനിടെ പോലീസിന്റെ പെല്ലറ്റ് പ്രയോഗത്തിൽ പരിക്കേറ്റവർക്ക് ചികിത്സ ഉറപ്പാക്കാൻ ഡൽഹി സർക്കാരിനോട് ആവശ്യപ്പെട്ട് സുപ്രീം കോടതി.
3. വികസിത ഭാരതമെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിൽ യുവശാസ്ത്രജ്ഞരുടെ പങ്ക് നിർണായകമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.
4. സംസ്ഥാനത്ത് 52 ദിവസത്തെ ട്രോളിങ്ങ് നിരോധനം നാളെ അർദ്ധരാത്രി അവസാനിക്കും.
5. കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യത. ഇന്ന് അഞ്ചു ജില്ലകളിൽ ഓറഞ്ച് ജാഗ്രത; ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം; കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

6. കോമൺവെൽത്ത് ഗെയിംസ് ലോങ് ജമ്പിൽ വെള്ളി മെഡൽ നേടിയ എം. ശ്രീശങ്കറിനെ അഭിനന്ദിച്ച് മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും.

❁❁❁❁❁❁❁❁❁❁❁❁❁

രാജ്യസഭ- പരീക്ഷ ബിൽ (ഇൻട്രോ)

പൊതു പരീക്ഷ ഭേദഗതി ബിൽ, 2026 മേൽ രാജ്യസഭയിൽ ചർച്ച പുരോഗമിക്കുന്നു. കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗാണ് ബിൽ അവതരിപ്പിച്ചത്. ചർച്ചയ്ക്കായി ഏഴ് മണിക്കൂറാണ് അനുവദിച്ചിട്ടുള്ളത്. ബിൽ ഇന്നലെ ലോക്സഭ പാസാക്കിയിരുന്നു. വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ക്ഷേമത്തിനായുള്ള സർക്കാരിന്റെ പ്രതിജ്ഞാബദ്ധതയാണ് ഇതിലൂടെ വ്യക്തമാകുന്നതെന്ന് ശ്രീ ജിതേന്ദ്ര സിംഗ് സഭയിൽ പറഞ്ഞു.
(ബൈറ്റ് - ജിതേന്ദ്ര സിംഗ്)

ബിൽ സ്വാഗതം ചെയ്യുന്നതായും, എന്നാൽ പരീക്ഷകളിലെ തെറ്റായ രീതികൾ പൂർണമായും തടയാൻ നിർദ്ദിഷ്ട ഭേദഗതികൾ ഫലപ്രദമാകില്ലെന്നും രാജ്യസഭ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖർഗെ വ്യക്തമാക്കി.
(ബൈറ്റ് - ഖാർഗെ)

അതിനിടെ, നീറ്റ് വിഷയത്തെ ചൊല്ലി ലോക്സഭയിൽ ഇന്നും പ്രതിപക്ഷം പ്രതിഷേധിച്ചു. നിരവധി തവണ സഭാ നടപടികൾ തടസപ്പെട്ടു. തുടർന്ന് ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു.

### വന്ദേമാതരം ബിൽ

ദേശീയ ബഹുമതികളോടുള്ള അനാദരം തടയൽ (ഭേദഗതി) ബിൽ, 2026 പാർലമെന്റ് പാസാക്കി. ദേശീയ ഗാനത്തിന് ലഭിക്കുന്ന നിയമ പരിരക്ഷ ദേശീയ ഗീതമായ 'വന്ദേമാതര'ത്തിനും ഉറപ്പാക്കുകയാണ് ലക്ഷ്യമിടുന്നത്. 1971-ലെ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള ബിൽ കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായിയാണ് അവതരിപ്പിച്ചത്.

### നീറ്റ് പ്രതിഷേധം-സുപ്രീം കോടതി

നീറ്റ് ചോദ്യ പേപ്പർ ചോർച്ചയിലെ വിദ്യാർത്ഥി പ്രതിഷേധത്തിനിടെ ജന്തർ മന്ദറിൽ വിന്യസിച്ച റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെ വെടിക്കോപ്പ് ഉപയോഗം സംബന്ധിച്ച രേഖകൾ സംരക്ഷിക്കാൻ സുപ്രീം കോടതി കേന്ദ്രത്തോട് നിർദ്ദേശിച്ചു. ലോഹനിർമ്മിതമായ പെല്ലറ്റ് ഗണ്ണുകൾ ഉപയോഗിക്കുന്നത് പൂർണ്ണമായും നിരോധിക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജി പരിഗണിക്കുകയായിരുന്നു കോടതി. പെല്ലറ്റ് ആക്രമണത്തിൽ പരിക്കേറ്റവർക്ക് മികച്ച ചികിത്സ

ഉറപ്പാക്കാൻ സുപ്രീം കോടതി, ഡൽഹി സർക്കാരിനോട് ആവശ്യപ്പെട്ടു.

## ഗവർണർ-ഐ ഐ എസ് ടി

ബഹിരാകാശ സാങ്കേതികവിദ്യ രാജ്യത്തിന്റെയും മനുഷ്യരാശിയുടെയും പുരോഗതിക്കായി വിനിയോഗിക്കണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. ഐ ഐ എസ് ടി വലിയമല ക്യാമ്പസിൽ നടന്ന 14-ാമത് ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വികസിത ഭാരതമെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിൽ യുവശാസ്ത്രജ്ഞരുടെ പങ്ക് നിര്ണായകമാണെന്നും ഗവർണർ പറഞ്ഞു.

## അനൂപ് ജേക്കബ്

ഓണക്കാലത്ത് മൊത്ത, ചില്ലറ വിൽപനശാലകളിലെ സ്റ്റോക്കും വിലനിലവാരവും നിരീക്ഷിക്കാൻ നിർദ്ദേശം നൽകിയതായി ഭക്ഷ്യമന്ത്രി അനൂപ് ജേക്കബ്. ഇതിനായി ഓഗസ്റ്റ് ഒന്നു മുതൽ 25 വരെ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തും. പൊതുവിപണിയിൽ അരി അടക്കമുള്ള അവശ്യസാധനങ്ങളുടെ വിലവർധന റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലാണ് നടപടി.

**ആർപ്പൂക്കര ചുണ്ടൻ-ഇൻട്രോ**

നെഹ്റു ട്രോഫി ജലോൽസവത്തിൽ മത്സരിക്കാനൊരുങ്ങി കോട്ടയത്തിന്റെ ജനകീയ ചുണ്ടൻ വള്ളം. കോട്ടയം ജില്ലയിലെ ആദ്യ ജനകീയ ചുണ്ടൻ വള്ളമായ ആർപ്പൂക്കര ചുണ്ടന്റെ നീരണിയൽ ചടങ്ങ് ഞായറാഴ്ച നടക്കും.

**ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ദേവിക എസ്. നായർ തയ്യാറാക്കിയ റിപ്പോർട്ട്...**

**(വോയിസ്)**

❋❋❋❋❋❋❋❋❋❋❋❋❋

**മന്ത്രി കെ. മുരളീധരൻ**

പൗരന്റെ അവകാശങ്ങൾ സംരക്ഷിക്കുകയാണ് വിവരാവകാശ നിയമത്തിന്റെ പ്രധാന ലക്ഷ്യമെന്ന് മന്ത്രി കെ. മുരളീധരൻ. വിവരാവകാശ കമ്മീഷൻ വട്ടിയൂർക്കാവ്, കഴക്കൂട്ടം, നേമം നിയോജക മണ്ഡലങ്ങളിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അപേക്ഷ ലഭിച്ചാൽ എത്രയും വേഗം വിവരങ്ങൾ നൽകണമെന്നും മന്ത്രി ഉദ്യോഗസ്ഥരോട് നിർദേശിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋

**സെൻസസ്**

സംസ്ഥാനത്ത് ദേശീയ സെൻസസ് 2027- ൻറെ ആദ്യ ഘട്ടം അവസാനിച്ചു. സെൻസസ് ഒന്നാം ഘട്ടത്തിൽ വീടുകളുടെ

വിവരശേഖരണമാണ് നടന്നത്. അടുത്ത വർഷം ഫെബ്രുവരിയിൽ ജനസംഖ്യ കണക്കെടുപ്പ് ആരംഭിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**പ്രധാനമന്ത്രി കൂടിക്കാഴ്ച**

അരുണാചൽ പ്രദേശ്, നാഗാലാൻഡ് എന്നിവിടങ്ങളിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇരു സംസ്ഥാനങ്ങളിലെയും നിലവിലെ പ്രളയസാഹചര്യം ചർച്ച ചെയ്തതായി പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**സംസ്ഥാനം മഴ**

സംസ്ഥാനത്ത് ഞായറാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇടുക്കി, എറണാകുളം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. നാളെ തലസ്ഥാനം ഉൾപ്പടെ 11 ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

**ട്രോളിങ് നിരോധനം**

സംസ്ഥാനത്ത് 52 ദിവസംനീണ്ട ട്രോളിങ്ങ് നിരോധനം നാളെ അർദ്ധരാത്രി അവസാനിക്കും. പുതിയ സീസണിനായുള്ള തയ്യാറെടുപ്പിലാണ് മത്സ്യത്തൊഴിലാളികൾ. ജൂൺ ഒൻപതിനാണ് ട്രോളിംഗ് നിരോധനം നിലവിൽ വന്നത്.

## കോമൺവെൽത്ത് ഗെയിംസ്

ഗ്ലാസ്ഗോയിൽ നടക്കുന്ന കോമൺവെൽത്ത് ഗെയിംസിൽ പുരുഷന്മാരുടെ ജാവലിൻ ത്രോയിൽ ഇന്ത്യയുടെ സ്വർണ്ണ പ്രതീക്ഷയായ നീരജ് ചോപ്ര ഫൈനലിലേക്ക് യോഗ്യത നേടി. രോഹിത് യാദവ്, യഷ് വീർ സിംഗ് എന്നിവരും ഫൈനലിൽ പ്രവേശിച്ചു. നിലവിൽ 3 സ്വർണ്ണവും 9 വെള്ളിയും 3 വെങ്കലവും ഉൾപ്പെടെ 15 മെഡലുകളുമായി ഇന്ത്യ എട്ടാം സ്ഥാനത്താണ്.

## ശ്രീശങ്കർ മുഖ്യമന്ത്രി

കോമൺവെൽത്ത് ഗെയിംസിൽ ലോങ് ജമ്പിൽ വെള്ളി മെഡൽ നേടിയ എം. ശ്രീശങ്കറിനെ ഫോണിൽ വിളിച്ച് അഭിനന്ദനമറിയിച്ച് മുഖ്യമന്ത്രി വി.ഡി. സതീശൻ. കേരളത്തിന്റെ കായിക മേഖലയെ കൂടുതൽ ശക്തമാക്കണമെന്ന് ശ്രീശങ്കർ മുഖ്യമന്ത്രിയോട് അഭ്യർത്ഥിച്ചു. പ്രതിപക്ഷ നേതാവ് പിണറായി വിജയനും ശ്രീശങ്കറിന് അഭിനന്ദനമറിയിച്ചു.

## പത്തനംതിട്ട (ഇൻട്രോ)

പത്തനംതിട്ട തിരുവല്ല വള്ളംകുളം തിരുവാമനമൂർത്തി ക്ഷേത്രത്തിൽ പിള്ളേരോണ ദിനമായ ഇന്ന് ഓണസദ്യയുണ്ട് കുരുന്നുകൾ. ബാലകരെ വാമനമൂർത്തിയുടെ പ്രതിരൂപമായി കണ്ട് സദ്യനൽകി പൂജിക്കുന്ന ചടങ്ങാണിത്.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.....**

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

**ഓഹരി + സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 274 പോയിന്റ് നേട്ടത്തിൽ 77,928 ലും നിഫ്റ്റി 24,317 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില കൂടി. പവന് 600 രൂപ വർധിച്ച് ഒരു ലക്ഷത്തി 5,840 രൂപയും ഗ്രാമിന് 13,230 രൂപയുമാണ് ഇന്നത്തെ വില.

❁❁❁❁❁❁❁❁❁❁❁❁❁

**ആദായ നികുതി റിട്ടേൺ**

2025-26 സാമ്പത്തിക വർഷത്തിൽ ITR-1 , ITR-2 പ്രകാരം ആദായ നികുതി റിട്ടേൺ സമർപ്പിക്കേണ്ട, വ്യക്തിഗത നികുതിദായകർക്കുള്ള സമയ പരിധി നാളെ അവസാനിക്കും. അവസാന തീയതി കഴിഞ്ഞാൽ പിഴയും, നികുതി കുടിശികയുണ്ടെങ്കിൽ പലിശയും അടക്കം ഡിസംബർ 31 വരെ ബിലേറ്റഡ് റിട്ടേൺ സമർപ്പിക്കാം.

## ജർമ്മനി – തൊഴിലവസരം

ജർമ്മനിയിൽ ഷെഫ് തസ്തികയിലെ 20 ഒഴിവുകളിലേയ്ക്ക് നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുന്നു. norkaroots.kerala.gov.in വഴി ഓഗസ്റ്റ് 9 വരെ അപേക്ഷിക്കാം. പ്രായപരിധി 35 വയസ്സ്. നിലവിൽ ഇന്ത്യയിൽ താമസിക്കുന്ന ഉദ്യോഗാർഥികൾക്കു മാത്രമാണ് അവസരം.

## ടിപ്പർ സമയക്രമം

കൊല്ലം ജില്ലയിൽ ടിപ്പർ ലോറികളുടെയും ടിപ്പിംഗ് മെക്കാനിസം ഉപയോഗിച്ച് പ്രവർത്തിക്കുന്ന മറ്റ് വാഹനങ്ങളുടെയും ഗതാഗത സമയക്രമം പുതുക്കി നിശ്ചയിച്ചതായി ജില്ലാ കലക്ടർ അറിയിച്ചു. രാവിലെ 7.45 മുതൽ 9.30 വരെയും വൈകുന്നേരം 3.30 മുതൽ 4.30 വരെയും ഈ വാഹനങ്ങൾക്ക് റോഡിലിറങ്ങുന്നതിന് നിയന്ത്രണമുണ്ടാകും.

## അമിത വില

പാചക വാതക സിലിണ്ടർ നിയന്ത്രണം പിൻവലിച്ചിട്ടും കോട്ടയം ജില്ലയിൽ ചായ ഉൾപ്പെടെയുള്ള ഭക്ഷണ സാധനങ്ങൾക്ക് അമിത വില ഈടാക്കുന്നതായി പരാതി. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി

സ്വീകരിക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. ഹോട്ടലുകളിലും, ബേക്കറികളിലും മത്സ്യ മാർക്കറ്റുകളിലും വിലവിവരപട്ടിക പ്രദർശിപ്പിക്കണമെന്നും അധിക ചാർജുകൾ ഈടാക്കിയാൽ നടപടിയുണ്ടാകുമെന്നും കളക്ടർ പറഞ്ഞു.